# SREENARAYANAGURU OPEN UNIVERSITY

*The State University for Education, Training and Research in Blended Format, Kerala*

University Building, Kureepuzha, Kollam, Kerala-691601 | www.sgou.ac.in


## EXAMINATION WING

(സംഗ്രഹം)

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി – ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന പഠിതാക്കൾക്കുള്ള ആനുകൂല്യങ്ങൾ – കാഴ്ച പരിമിതർക്കും സ്ക്രൈബിന്റെ സഹായം അനുവദിച്ചിട്ടുള്ള മറ്റ് ഭിന്നശേഷിക്കാർക്കും നിരന്തര മൂല്യനിർണയത്തിന്റെ ഭാഗമായിട്ടുള്ള അസൈൻമെന്റുകളും റിപ്പോർട്ടുകളും കയ്യെഴുത്തിന് പകരം കമ്പ്യൂട്ടറിന്റെ സഹായത്തോടെ ടൈപ്പ് ചെയ്ത് സമർപ്പിക്കുന്നതിനും ഭിന്നശേഷിക്കാരായ പഠിതാക്കൾക്ക് പ്രത്യേക അപേക്ഷ പ്രകാരം നിർദ്ദിഷ്ട പരീക്ഷാ കേന്ദ്രങ്ങളിൽ സീറ്റുകൾ അനുവദിക്കുന്നതിനും ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**എക്സാമിനേഷൻ B3 വിഭാഗം**

യു.ഒ .നം. 2049/Ex.B3/1/2025/SOU　　　　തീയതി: 15/12/2025

---

പരാമർശം :

(1) 21/03/2023 തീയതിയിലെ 370/Ex I/32/SOU/2023 നമ്പർ സർവകലാശാല ഉത്തരവ്.

(2) 10/12/2025 തീയതിയിൽ കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് വിദ്യാർത്ഥി ഫോറം സമർപ്പിച്ച അപേക്ഷ.

(3) 12/12/2025 തീയതിയിലെ ബഹു. വൈസ് ചാൻസലറുടെ ഉത്തരവ്.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന അർഹരായ പഠിതാക്കൾക്ക് സ്ക്രൈബ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്. പരാമർശം (2) പ്രകാരം കാഴ്ചപരിമിതിയുള്ള പഠിതാക്കൾക്ക് അസൈൻമെന്റുകളും പ്രോജക്ടുകളും ടൈപ്പ് ചെയ്ത് സമർപ്പിക്കുന്നതിനും ഭിന്നശേഷിക്കാരായ പഠിതാക്കൾക്ക് പരീക്ഷാ കേന്ദ്രങ്ങളിൽ നിശ്ചിത എണ്ണം സീറ്റുകൾ മാറ്റി വക്കണമെന്നും ആവശ്യപ്പെട്ട് കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് വിദ്യാർത്ഥി ഫോറം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

പ്രസ്തുത അപേക്ഷ പരിഗണിച്ച് സർവകലാശാല ഉത്തരവ് പ്രകാരം ഭിന്നശേഷി വിഭാഗക്കാർക്കുള്ള ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുള്ള കാഴ്ച പരിമിതരായ പഠിതാക്കൾക്കും ഇതര ഭിന്നശേഷിക്കാരിൽ നിന്നും സ്ക്രൈബിനെ അനുവദിച്ചിട്ടുള്ള പഠിതാക്കൾക്കും കരിക്കുലത്തിന്റെ ഭാഗമായുള്ള പ്രോജക്ട് റിപ്പോർട്ടുകൾ, നിരന്തര മൂല്യനിർണയത്തിന്റെ ഭാഗമായിട്ടുള്ള അസൈൻമെന്റുകൾ, മറ്റ് റിപ്പോർട്ടുകൾ എന്നിവ കമ്പ്യൂട്ടറിന്റെ സഹായത്തോടെ ടൈപ്പ് ചെയ്ത് സമർപ്പിക്കുന്നതിന് പരാമർശം (3) പ്രകാരം ബഹു . വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്.

കൂടാതെ സർവകലാശാല നോട്ടിഫിക്കേഷൻ പ്രകാരം സെമസ്റ്റർ പരീക്ഷകൾക്ക് രജിസ്ട്രേഷൻ നടത്തുമ്പോൾ സൗകര്യ പ്രദമായ പരീക്ഷാ കേന്ദ്രങ്ങൾ ലഭിക്കാത്ത ഭിന്നശേഷിക്കാരായ പഠിതാക്കൾക്ക് പരീക്ഷാ നോട്ടിഫിക്കേഷൻ തീയതി മുതൽ പത്ത്

ദിവസത്തിനകം പഠിതാക്കളിൽ നിന്നും അപേക്ഷ ലഭിക്കുന്ന പക്ഷം നോട്ടിഫിക്കേഷൻ പ്രകാരമുള്ള പരീക്ഷാ കേന്ദ്രങ്ങളിൽ നിന്നും സൗകര്യ പ്രദമായ പരീക്ഷാ കേന്ദ്രം നൽകുന്നതിന് അനുവദിച്ചുകൊണ്ട് പരാമർശം (3) പ്രകാരം ബഹു . വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്.

ഉത്തരവിൻ പ്രകാരം

**പ്രൊഫ. (ഡോ.) ഗ്രേഷ്യസ് ജെ**
**പരീക്ഷാ കൺട്രോളർ**

പകർപ്പ്

1. കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് വിദ്യാർത്ഥി ഫോറം
2. വിസി/ പിവിസി എന്നിവരുടെ പി.എസ്.
3. രജിസ്ട്രാർ/സൈബർ കൺട്രോളർ എന്നിവരുടെ പി.എ.
4. ആർ. സി. ഡയറക്ടർമാർ
5. എൽ. എസ്. സി. കോർഡിനേറ്റർമാർ
6. സി .ഐ .ക്യൂ. എ /പി.ആർ.ഒ /ഐ.ടി/സിൻഡിക്കേറ്റ് സെക്ഷനുകൾ
7. കരുതൽ ശേഖരം / ഓഫീസ് കോപ്പി
8. സിസ്റ്റം മാനേജർ

**ഫയൽ നം: Ex.01/32/SOU/2023 ( Vol IV)**